# നവോത്ഥാന ആധുനികതയും ആധുനിക പുരുഷസ്വത്വങ്ങളുടെ വൈവിധ്യവും: തകഴിയുടെ കയറിൽ

**ഗീതു ദാസ്**

ഗവേഷക, സംസ്കൃത സർവ്വകലാശാല, കാലടി

1. ആമുഖം

കേരളത്തിന്റെ ആധുനികീകരണം 'നവോത്ഥാന' (Renaissance) പ്രക്രിയയാണ് സാധ്യമാക്കിയത് എന്ന പ്രസ്താവന അതിസാധാരണ മായിത്തീർന്ന ഒരു ചരിത്രയുക്തിയാണ്. എന്നാൽ ഈ ആധുനികീ കരണത്തെ 'കൊളോണിയൽ ആധുനികത'യെന്ന് മാറ്റിവിളിക്കാൻ തുടങ്ങിയിരിക്കുന്ന സമകാലീന വിമർശനഘട്ടം നവോത്ഥാനത്തെയും പുനർവായനകൾക്കു വിധേയമാക്കുന്നു. തകഴിയുടെ 'കയർ', ഈ സവിശഷചരിത്രസന്ദർഭത്തെ പ്രശ്നവൽക്കരിക്കാൻ ശ്രമിക്കുന്നുണ്ട്. ആധുനികീകരണത്തെ ആദർശവൽക്കരിക്കാനല്ല സംശയദൃഷ്ടിയോടെ വീക്ഷിക്കാൻ നോവൽ ശ്രദ്ധിക്കുന്നു. ആധുനികവ്യക്തിസ്വത്വങ്ങളെ വൈവിധ്യപൂർണ്ണമാക്കുന്നതിലൂടെയാണ് ഈ കയർ ദൗത്യം കയർ നിർവ്വഹിക്കുന്നത്. നവോത്ഥാനം, ആധുനികത, പുതിയ ദേശരാഷ്ട്ര നിർമ്മിതി, മാനവികത എന്നിങ്ങനെയുള്ള സങ്കല്പനങ്ങൾക്കു നേർക്ക് കയറിന്റെ ആഖ്യാനം എങ്ങനെയാണ് നിശിതമായ ചില ചോദ്യങ്ങൾ ഉയർത്തുന്നത് എന്ന അന്വേഷണമാണ് പ്രബന്ധത്തിന്റെ ഉള്ളടക്കം.

2. ഫ്യൂഡൽക്രമത്തിൽനിന്നും ആധുനികക്രമത്തിലേക്ക്

പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഒരു കുട്ടനാടൻ ഗ്രാമത്തിലെ നായർസമുദായത്തെ അവതരിപ്പിച്ചുകൊണ്ടാണ് കയർ

തുടങ്ങുന്നത്. ഈ ഘട്ടമാവുമ്പോഴേക്ക് ഇന്ത്യയിൽ വിദേശാധിപത്യത്തിനെതിരെയുള്ള ശബ്ദങ്ങൾ ശക്തമായിക്കഴിഞ്ഞിരുന്നു. ചാന്നാർ ലഹള പോലെയുള്ള ജാതിവിരുദ്ധപ്രക്ഷോഭങ്ങൾ നടന്നു. തിരുവിതാംകൂർ ഭരണത്തിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥവൃന്ദം പിടിമുറുക്കിയിരുന്നു. അതിനെതിരായ അസ്വസ്ഥതകൾ പുകഞ്ഞിരുന്നു.

എന്നാൽ കയർ ഈ ചലനാത്മകമായ സാമൂഹികാവസ്ഥയെ ആദ്യഘട്ടത്തിൽ അവതരിപ്പിക്കുന്നില്ല. പകരം ഒരു ഫ്യൂഡൽ സമുദായത്തെ സൂക്ഷ്മമായി ചിത്രീകരിക്കുന്നു. ക്ഷേത്രകേന്ദ്രിതഭരണക്രമം, ജന്മി-കുടിയാൻ ബന്ധം, സംബന്ധവ്യവസ്ഥ, രാജഭരണത്തിന്റെ നടത്തിപ്പു ക്രമങ്ങൾ എന്നിങ്ങനെ ആ സമുദായത്തിന്റേതായ വ്യവഹാരമണ്ഡലത്തിലാണ് നോവൽ വികാസം പ്രാപിക്കുന്നത്. ഒരു പ്രാദേശിക ചരിത്രനിർമ്മിതിയുടെ സൂക്ഷ്മത ഈ എഴുത്തിൽ കാണാം. പൊതുചരിത്രത്തിൽ സാധാരണമായി ഉപയോഗിച്ചുകാണുന്ന ജന്മിത്തം എന്ന സാമൂഹികക്രമത്തെ മുൻവിധിയോടെയാണ് 'പൊതുബോധം' സ്വാംശീകരിച്ചിരിക്കുന്നത്. ഇതിനെ മാറിയ പരിപ്രേക്ഷ്യത്തിൽ ആദർശവൽക്കരണങ്ങളോ അതിഭാവുകത്വങ്ങളോ ഇല്ലാതെ കയർ സൂക്ഷ്മമാക്കുന്നു. ഒപ്പം അധികാരത്തിന്റെ സൂക്ഷ്മരൂപങ്ങൾ ഇവിടെ വിവൃതമാകുന്നു. നേരിട്ടു വാളെടുത്തിട്ടല്ല. കയറുകൊണ്ടു വരിഞ്ഞുമുറുക്കുന്നതുപോലെ നിരന്തരം ജനങ്ങളിൽ പ്രവർത്തിക്കുന്ന സൂക്ഷ്മാധികാരത്തിന്റെ പ്രവർത്തനം നോവൽ വിസ്തരിക്കുന്നു. ഫ്യൂഡൽ ക്രമത്തിന്റെ ഈ വിശദമായ ചിത്രം അതിന്റെ വൈകൃതങ്ങളെയും തുറവികളെയും വൈരുദ്ധ്യങ്ങളെയുമൊക്കെ ഒരേസമയം പർവ്വതീകരിക്കുന്നുണ്ട്. അതിനുശേഷം മാത്രമാണ് നവോത്ഥാനാശയങ്ങൾ പ്രകമ്പനം സൃഷ്ടിച്ച സംഘർഷഭൂമിക നോവലിൽ ചർച്ചാവിഷയമാകുന്നത്.

അവിടെയും കയർ സ്വീകരിക്കുന്ന ആഖ്യാനസമ്പ്രദായത്തിന് ചില പ്രത്യേകതകളുണ്ട്. ഒന്നാമതായി ഈ നവോത്ഥാനാശയങ്ങളുടെ പ്രചാരകർക്കൊപ്പം നിന്നല്ല അത് ഉന്നം വയ്ക്കുന്ന നായർ സമുദായത്തിന്റെ ഇടയിൽ നിന്ന് പുരോഗമനാശയങ്ങൾക്കു നേർക്ക് തിരിഞ്ഞുനോക്കുകയാണ് കയർ ചെയ്യുന്നത്. അങ്ങനെ നോക്കുന്നതാകട്ടെ ഒരു പ്രതിപാഠനിർമ്മിതി (antinarrative) യുടെ തലത്തിലുമാണ്. നായർസമുദായത്തിന്റെ ജീർണ്ണതകളെ, കൊളോണിയൽ അധികാരത്തിന്റെ സൂക്ഷ്മരൂപങ്ങളെ അതിനുള്ളിലുള്ള വ്യവഹാരങ്ങളിലൂടെ ഉയർത്തുകയെന്നതാണ് ഈ പ്രതിപാഠനിർമ്മിതിയുടെ താല്പര്യം.

ആദ്യഭാഗത്തുനിന്നും രണ്ടാംഭാഗത്തെത്തുമ്പോൾ നിലവിലിരുന്ന ക്രമം തകരുന്നതിന്റെയും ആധുനികമെന്നു വിളിക്കപ്പെട്ട

പുതുക്രമത്തിലേക്ക് ഈ സമുദായം പരിവർത്തിക്കപ്പെടുന്നതിന്റെയും ചിത്രം നോവൽ അനാവരണം ചെയ്യുന്നു. കേരളീയ ഫ്യൂഡലിസത്തിന്റെ സാമൂഹ്യരൂപങ്ങൾ പി. പവിത്രൻ ഇങ്ങനെ ക്രോഡീകരിക്കുന്നു.

1. സവർണ്ണ ജാതി മേധാവിത്തം
2. ജന്മി-ഭൃവുടമവ്യവസ്ഥ.
3. നാടുവാഴിത്ത-രാജഭരണവ്യവസ്ഥ.
4. ക്ഷേത്രപൗരോഹിത്യവിശ്വാസാധികാരം.
5. പുരുഷാധിപത്യം.

അദ്ദേഹം ഇങ്ങനെ നിരീക്ഷിക്കുന്നു: 'ഫ്യൂഡലിസത്തിന്റെ സമ്പൂർണ്ണമായ തകർച്ച എന്നാൽ ജാതിമേധാവിത്തത്തിൽനിന്നും ജാത്യേതര സാമൂഹ്യബോധത്തിലേക്കും ജന്മി-ഭൃവുടമാവ്യവസ്ഥയിൽനിന്നും മുതലാളിത്ത സോഷ്യലിസ്റ്റ് സാമൂഹികബന്ധങ്ങളിലേക്കും നാടുവാഴി -രാജവ്യവസ്ഥയിൽനിന്നും ബൂർഷ്വാ ബ്യൂറോക്രാറ്റിക്/സോഷ്യലിസ്റ്റ് പാർലമെന്ററി വ്യവസ്ഥയിലേക്കും ക്ഷേത്രാധികാരത്തിൽനിന്നും ശാസ്ത്രീയ വീക്ഷണത്തിലേക്കും സ്ത്രീപുരുഷ ബന്ധങ്ങളിൽ മുതലാളിത്ത/ സോഷ്യലിസ്റ്റ് ബന്ധവ്യവസ്ഥയിലേക്കുള്ള മാറ്റവുമാണ്' (2002: 281).

ഈ സാംസ്കാരിക വിച്ഛേദത്തെ ഒരു ഫ്യൂഡൽ സമുദായം എങ്ങനെ അഭിമുഖീകരിച്ചു എന്നതിനാണ് കയർ ഊന്നൽ കൊടുക്കുന്നത്. നമ്പൂതിരിമാർ, ക്രിസ്ത്യാനികൾ, ദളിതർ തുടങ്ങിയ ഇതര സാമൂഹികവിഭാഗങ്ങൾ നോവലിൽ പങ്കാളിത്തബിംബങ്ങൾ മാത്രമാകുന്നു. നവോത്ഥാനാശയങ്ങൾ ഉന്നംവെച്ച നമ്പൂതിരി-നായർ സമുദായങ്ങൾ തന്നെയാണ് ആളോഹരിസമ്പ്രദായം, മക്കത്തായം മുതലായ സാമൂഹിക മാറ്റങ്ങളുടെ വരവോടെ അടിമുടി ഉടച്ചുവാർക്കപ്പെടുന്നത്. ഈ സമുദായങ്ങളിൽ നിന്നുള്ള ചില കഥാപാത്രങ്ങളിലൂടെ അവർക്ക് സാംസ്കാരികമായുണ്ടായ ഹിമാലയൻ വ്യതിയാനത്തെ കയർ അവതരിപ്പിക്കുന്നു. 'ആധുനികീകരിക്കപ്പെട്ട വ്യക്തി' എന്നു ചരിത്രം അടയാളപ്പെടുത്തിയ ആദർശാത്മക വ്യക്തിത്വങ്ങളെയും കാലം അവരിൽ വരുത്തുന്ന അനിവാര്യമായ ചിതറലുകളെയും അഭിസംബോധനചെയ്യുവാനുള്ള ബലം ആഖ്യാനം നേടിയെടുക്കുന്നത് ആശയപരമായ ആധുനികീകരണപ്രക്രിയയെ സൂക്ഷ്മമാക്കിയതിലൂടെയാണ്.

നവോത്ഥാനസംഘടനകൾ നടത്തിയ പ്രവർത്തനങ്ങളുടെ നേരിട്ടുള്ള വിവരണം കയറിൽ കടന്നുവരുന്നില്ല. മറിച്ച് നവോത്ഥാനാശയങ്ങൾ പുതിയ തലമുറയിൽ പ്രവർത്തിക്കുന്നതിന്റെ വിശദാംശങ്ങൾ കാണാം. അടിയുറച്ച യാഥാസ്ഥിതികർ ഒരേസമയം മാറ്റത്തിന്

തയ്യാറാകാതിരിക്കുകയും ഭൗതികമായി അതിനു വഴിപ്പെടുകയും ചെയ്യുന്ന സംഘർഷാത്മകമായ വൈരുദ്ധ്യം കാണാം. പുതിയ പ്രത്യയശാസ്ത്രധാരകൾ രൂപപ്പെടുത്തിയ നവീനവ്യക്തിത്വങ്ങൾ, ആശയങ്ങൾ അവരിലെ ആന്തരിക സംഘർഷങ്ങൾ, പരിണാമങ്ങൾ എന്നിങ്ങനെ നവോത്ഥാന ആധുനികതയുടെ ആശയസംവാദഭൂമികയായി നോവൽ മാറുന്നു.

നവോത്ഥാനപ്രസ്ഥാനങ്ങളും മദ്ധ്യവർഗ്ഗപുരുഷനും

1888-ലെ അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ശ്രീനാരായണഗുരു ജാതി-ജന്മി-നാട്ടുവാഴിത്ത ക്രമത്തിന് നേർക്കും അതുവഴി മതാധിഷ്ഠിതക്രമത്തിലൂടെ പ്രവർത്തിച്ച കൊളോണിയൽ അധികാരത്തിനു നേർക്കും ഉയർത്തിയ വെല്ലുവിളിയെ ഇന്നും തുടരുന്ന കേരളീയ ധാർമ്മികാടിത്തറയുടെ അടിസ്ഥാനമായും നവോത്ഥാനത്തിന്റെ ആദ്യസ്ഫുരണമായും ബി. രാജീവൻ അടയാളപ്പെടുത്തുന്നു. അതോടൊപ്പം ആധുനിക കേരളത്തിലേക്കുള്ള പരിവർത്തനത്തിന് തുടക്കം കുറിച്ച നിർണ്ണായക സംഭവങ്ങളായി 1889-ൽ ഇന്ദുലേഖ, 1890-ൽ സർ. സി. ശങ്കരൻനായർ മദിരാശി നിയമസഭയിൽ അവതരിപ്പിച്ച മരുമക്കത്തായ വിവാഹബിൽ, 1891-ലെ മലയാളി മെമ്മോറിയൽ എന്നിവയെയും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു (2011: 268).

മലയാളി മെമ്മോറിയലിനെ കേരളത്തിലെ പ്രഥമ ബഹുജനപ്രക്ഷോഭം എന്ന നിലയിൽ ജനാധിപത്യപ്രക്രിയയുടെ തുടക്കം കുറിച്ച ചരിത്രസംഭവമായി പി. ഗോവിന്ദപ്പിള്ള അടയാളപ്പെടുത്തുന്നു (2007: 85). എന്നാൽ ചാന്നാർ ലഹള മുതൽതന്നെ ഈ നവോത്ഥാനപ്രക്രിയയ്ക്ക് പഴക്കം കണക്കാക്കാം എന്നും അഭിപ്രായങ്ങൾ ഉണ്ട്. നിരവധിയായ സാമൂഹികസംഘടനകളും പ്രക്ഷോഭങ്ങളും സംഭവങ്ങളുമായി ധാരാളം ചരിത്രസംഭവങ്ങൾ നവോത്ഥാനപ്രക്രിയയുടെ ഭാഗമായി വിശദീകരിക്കപ്പെടുന്നു.

എ. ശ്രീധരമേനോൻ ഇപ്രകാരം നിരീക്ഷിക്കുന്നു: 'ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ സ്ഥാനാരോഹണം നടന്ന എ.ഡി. 1885 തൊട്ട് തിരുവിതാംകൂറിൽ ഉദയം ചെയ്യുകയും വളരുകയും ചെയ്ത രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ചരിത്രം പൊതുവെ മൂന്നുഘട്ടമായി വിഭജിക്കാം. ഒന്ന്, സമൂഹത്തിലെ വിദ്യാസമ്പന്നരായ മദ്ധ്യതല വർത്തികൾ നടത്തിയ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയുള്ള പ്രക്ഷോഭങ്ങൾ. രണ്ട്, ഹൈന്ദവരായ താഴ്ന്ന ജാതിക്കാരും ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ എന്നീ

മതന്യൂനപക്ഷങ്ങളും രാഷ്ട്രീയവും സാമൂഹികവുമായ അവരുടെ അവകാശങ്ങൾക്കുവേണ്ടി നടത്തിയ സമരങ്ങൾ. മൂന്ന്, സംസ്ഥാനത്തിൽ ഉത്തരവാദഭരണം നിലവിൽ വരുത്തുന്നതിനുവേണ്ടി നടന്ന ജനകീയ മുന്നേറ്റവും' (2015:15).

പാശ്ചാത്യ വിദ്യാഭ്യാസത്തിലൂടെ ഉയർന്നുവരുന്ന വിദ്യാസമ്പന്നരായ ഒരു മദ്ധ്യവർഗ്ഗത്തിന്റെ ഉദയമാണ് ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്ത് വന്നത്. കെ.പി. കേശവമേനോൻ, കെ. കേളപ്പൻ, എം.പി. നാരായണമേനോൻ, മഞ്ചേരി രാമയ്യർ, ജി. ശങ്കരൻനായർ, കെ. മാധവൻനായർ എന്നിങ്ങനെ പലരും ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായത് നോക്കുക (കുറുപ്പ്, കെ.കെ.എൻ., 2014: 51). വ്യത്യസ്ത ജാതി-മത-തൊഴിൽ വിഭാഗങ്ങളിൽ നിന്നുയർന്നുവന്ന ഈ മധ്യവർഗ്ഗത്തിന്റെ സ്വത്വനിർമ്മിതിയെക്കുറിച്ച് എം.പി. ബാലറാം ഇങ്ങനെ നിരീക്ഷിക്കുന്നു: 'പാരമ്പര്യവിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും എളുപ്പത്തിൽ വഴിപ്പെട്ടുപോയേക്കാവുന്ന സാമൂഹ്യസാഹചര്യമാണ് ഇടത്തരക്കാരുടേത്. എന്നാൽ ചരിത്രത്തിന്റെ ദിശയെ മനസ്സിലാക്കാനും പുരോഗമനാശയങ്ങൾ ഉൾക്കൊള്ളാനും മധ്യവർഗ്ഗത്തിന് വേഗത്തിൽ കഴിയുന്നു. നമ്മുടെ സാമൂഹ്യരാഷ്ട്രീയ മേഖലകളിൽ മധ്യവർഗ്ഗം നല്കിയ നേതൃത്വം സ്വത്വനിർമ്മിതിയെ പ്രശ്നസങ്കീർണ്ണമാക്കി മാറ്റിയിട്ടുണ്ട്. വിശ്വാസങ്ങൾ, ചിന്ത, പ്രവൃത്തി ഇവ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മധ്യവർഗ്ഗത്തെ എന്നും പിന്തുടർന്നുകൊണ്ടേയിരുന്നു' (2000: 151).

എസ്.എൻ.ഡി.പി. സെക്രട്ടറിയായിരുന്ന ടി.കെ. മാധവന്റെ പൊതുജീവിതത്തെക്കുറിച്ചുള്ള ഒരു നിരീക്ഷണം ഇപ്രകാരമാണ്: 'ഹിന്ദുമതത്തിന്റെ മൂല്യങ്ങൾ ആഴത്തിൽ വേരോടിയ കുടുംബപശ്ചാത്തലവും സമ്പന്നതയുടെ പ്രാഭവവും ഒരുവേള ടി.കെ. മാധവന്റെ സ്വഭാവരൂപവത്കരണത്തെയും പൊതുപ്രവർത്തനത്തിന്റെ രീതികളെയും ഗണ്യമായി സ്വാധീനിച്ചിരിക്കാം. ഒരേസമയം ഹിന്ദുമതമൂല്യങ്ങളെ താലോലിക്കുകയും, ആ മൂല്യങ്ങൾ കാരണം അടിച്ചമർത്തലിന് വിധേയമായ തന്റെ സമുദായത്തെ മോചിപ്പിക്കുവാൻ ശ്രമിക്കുകയുംചെയ്ത വ്യക്തി എന്ന നിലയിൽ അപാരമായ വൈരുദ്ധ്യത്തെയാണ് അദ്ദേഹം പ്രകാശിപ്പിക്കുന്നത്' (ഖാൻ, എം.എം., 2017: 108).

ജാതി-മതം-നവോത്ഥാനാശയങ്ങൾ-രാഷ്ട്രീയ സംഘടനകൾ ഇവ തമ്മിലുള്ള സങ്കലനത്തിലാണ് നവോത്ഥാന പുരുഷസ്വത്വത്തിന്റെ രൂപപ്പെടൽ. ഇവ തമ്മിൽത്തമ്മിലുള്ള ആന്തരികസംഘർഷങ്ങൾ

ഈ സ്വത്വരൂപീകരണത്തിൽ പ്രധാനമാണ്. മുകളിൽ സൂചിപ്പിച്ച രണ്ടു നിരീക്ഷണങ്ങളും വിരൽ ചൂണ്ടുന്നത് ഇതിലേക്കാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തിരുവിതാംകൂറിൽ ശക്തിപ്രാപിച്ച സാമൂഹിക സംഘടനകൾക്കുള്ള ജാതിസ്വത്വം തള്ളിക്കളയാവുന്നതല്ല. എൻ.എസ്.എസ്., എസ്.എൻ.ഡി.പി. എന്നിങ്ങനെ ഒരു പ്രത്യേക ജാതിയുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ച സംഘടനകൾ ജാതി നിർമ്മാർജ്ജനത്തിനല്ല. ഉന്നമനത്തിനാണ് പ്രവർത്തിച്ചത്. അതാണ് ആ ഘട്ടത്തിൽ സാധ്യമായതും. ജാതീയമായ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കാൻ ശ്രമിക്കുകയും ജാതിയെ കൂടുതൽ ഉറപ്പിക്കുകയും ചെയ്യുക വഴി ജാതിസ്വത്വങ്ങളായി ആധുനികവ്യക്തികൾ മാറി.

അയ്യങ്കാളി സാധുജനപരിപാലനസംഘം എന്നതിൽ 'സാധുജന'മായി സങ്കല്പിച്ചത് ഇന്നത്തെ 'ദളിതർ' എന്ന വിശാലാർഥത്തിലുള്ള അധഃസ്ഥിതവിഭാഗങ്ങളെയായിരുന്നു. കെ.പി.എം.എസ്. ആയി മാറിയതോടെ അത് പുലയരുടെ മാത്രം സംഘടനയാകുന്നു. നവോത്ഥാനാനന്തരസമൂഹത്തെ നിർവ്വചിക്കുന്നതിൽ ഇന്നും ഏറ്റവും ശക്തിയാർന്ന സ്ഥാപനമായി ജാതി തുടരുന്നു.

ക്ഷേത്രപ്രവേശനവിളംബരത്തെത്തുടർന്ന് 'കയറി'ൽ കടന്നുവരുന്ന ഒരു സന്ദർഭത്തിൽ, തീണ്ടൽ ജാതിക്കാർ കയറിയതിനാൽ ദേവചൈതന്യം നഷ്ടപ്പെട്ട് വെറും ശിലയായിത്തീർന്ന വിഗ്രഹത്തെക്കുറിച്ച് വേവലാതിപ്പെടുന്ന കുഞ്ചുനായരുടെ ചിത്രം അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ക്ഷേത്രപ്രവേശനം നേടിയതിന്റെ പേരിൽ ആഹ്ലാദിക്കുന്ന പുലയനെ കാണുന്നില്ല. മറിച്ച് ആരും കയറാതെ കാടുപടർന്നുകയറുന്ന കാവുകളെയോർത്ത് ദുഃഖിക്കുന്നവരെ കാണാം.

ഈ പാഠം ഉയർത്തുന്ന വിമർശനം നവോത്ഥാനകാലത്തിന്റെ മതസങ്കല്പനത്തിനെതിരെയാണ് ക്ഷേത്രത്തിൽ പ്രവേശിക്കുക എന്നത് ഏതർഥത്തിലാണ് നവോത്ഥാനമാകുന്നത്. ബ്രാഹ്മണിക മതത്തിലേക്ക് മതക്രമത്തിലേക്ക് ദളിതനെ കണ്ണിചേർക്കുകവഴി എന്ത് നവോത്ഥാനമാണവിടെ സംഭവിക്കുന്നത്. ജാതിയുടെ പേരിൽ ഒരു സ്ഥലത്ത്, അത് എവിടെയുമാകട്ടെ പ്രവേശനം നിഷേധിക്കപ്പെടുന്നു, എന്നതാണവിടത്തെ അസ്വാതന്ത്ര്യം. അവിടെ കടക്കുകവഴി ആ അസ്വാതന്ത്ര്യത്തെ തകർക്കാം. എന്നാൽ ആ ക്രമത്തിന്റെ ഭാഗമാവുക വഴി അന്നുവരെ തുടർന്നുപോന്ന ആരാധനാസമ്പ്രദായങ്ങളെ പുറന്തള്ളി ക്ഷേത്രകേന്ദ്രീകൃതവ്യവസ്ഥയിലേക്ക് സാമ്യപ്പെടുകയാണ് ചെയ്യുന്നത്.

നവോത്ഥാനം പുലയനും പറയനുമടങ്ങിയ അധഃസ്ഥിതന്റെ ക്രമങ്ങളെ പൊതുവാക്കുകയല്ല. അതിനെ പൂർണ്ണമായി തമസ്കരിച്ച് മറ്റൊരു

പൊതുക്രമത്തെ അവരോധിക്കുകയും അവരെക്കൂടി അതിലേക്ക് കണ്ണിചേർക്കുകയുമാണ് ചെയ്തത്. അതുകൊണ്ടുതന്നെ അവിടെ ദളിതർ എങ്ങനെ ഉദ്ധരിക്കപ്പെട്ടു എന്നത് നവോത്ഥാനത്തിനു നേരേ ഉയർത്തേണ്ട ഏറ്റവും വലിയ ചോദ്യമാണ്.

'അമ്പലങ്ങളുടെ മോന്തായങ്ങൾക്ക് തീ വയ്ക്കണം' എന്ന് തുടങ്ങുന്ന വി.ടി. ഭട്ടതിരിപ്പാടിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടുള്ള സുനിൽ പി. ഇളയിടത്തിന്റെ നിരീക്ഷണം ഇതിനോട് ചേർത്തുവെയ്ക്കാം. 'അഹംഭാവത്തോടെ തലയുയർത്തി നില്ക്കുന്നുവെന്ന് 1933-ൽ വി.ടി. വിശേഷിപ്പിച്ച അമ്പലങ്ങളും പള്ളികളും അന്നത്തേതിനേക്കാൾ എത്രയോ വലിയ അളവിൽ, അശ്ലീലവും ആഭാസകരവുമായ പ്രദർശനപരതയോടെ കേരളത്തിലെ തെരുവോരങ്ങളിലുടനീളം തലയുയർത്തി നിൽക്കുന്നു... പുറമേക്ക് പിൻവാങ്ങിയ ജാതി അകമേ പഴയതിനേക്കാൾ ബലം നേടിയിരിക്കുന്നു' (2017: 189).

ദേശീയതയെ ഹൈന്ദവതയോട് സമീകരിക്കുന്ന സമകാലീന സാഹചര്യം കൂടി പരിഗണിക്കുമ്പോൾ ജാതി-മതം എന്നീ സ്ഥാപനങ്ങളുടെ വിനാശകരമായ ഊട്ടിയുറപ്പിക്കലിന്റെ പേരിലാണ് നവോത്ഥാനം ഏറെ വിമർശിക്കപ്പെടേണ്ടതെന്ന് പറയാം.

### ഗാന്ധിസം-കമ്മ്യൂണിസം

ജാത്യാനാചാരങ്ങൾക്കെതിരായ, സമീപനംപുലർത്തുന്ന ഒരു പുതിയ സമുദായസൃഷ്ടി എന്ന ആശയം നവോത്ഥാനസംഘടനകളുടെ പ്രവർത്തകരിൽ ഉണ്ടായിരുന്നു. ആശാന്റെ ദുരവസ്ഥ, കെ.പി. കറുപ്പന്റെ ജാതിക്കുമ്മി തുടങ്ങി ഈ വിഷയം കേന്ദ്രസ്ഥാനത്തു വരുന്ന കൃതികൾ ഈയൊരു ചിന്താധാരയ്ക്ക് മുതൽക്കൂട്ടായിരുന്നു. അയിത്താചാരങ്ങൾക്കെതിരായി ഗാന്ധിജി പ്രസംഗങ്ങൾ നടത്തിയിരുന്നതായി കാണാം. 'അക്കൊല്ലം (1927) ഒക്ടോബർ 8 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ ഗാന്ധിജി വീണ്ടും തിരുവിതാംകൂർ സന്ദർശിച്ചു. എല്ലാ വിധത്തിലുമുള്ള അയിത്താചരണങ്ങൾ അവസാനിപ്പിക്കണമെന്ന് ഗാന്ധിജി ആ പ്രസംഗത്തിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചു. 1924 ജനുവരിയിലായിരുന്നു ഗാന്ധിജിയുടെ അടുത്ത തിരുവിതാംകൂർ സന്ദർശനം. അയിത്തത്തിനെതിരായ പ്രസംഗങ്ങളായിരുന്നു അന്നും ഗാന്ധിജി ചെയ്തത്' (ചുമ്മാർ, കെ.എം., 2013: 16).

ഇങ്ങനെ ഗാന്ധിയൻ ആശയം ജാത്യാചാരങ്ങൾക്കെതിരായി ശബ്ദിക്കുന്നതിന്റെ അടിസ്ഥാനയുക്തി ഇന്ത്യൻ ദേശീയതയുടെ,

ഇന്ത്യൻ പൗരന്റെ രൂപീകരണത്തെ സംബന്ധിച്ച ആദർശാത്മകമായ നിലപാടാണ് എന്നു കരുതാം. 'പൗരൻ' എന്ന സ്വത്വത്തിലേക്ക് എടുത്തുയർത്തപ്പെടുമ്പോൾ സമൂഹത്തിന്റെ കെട്ടുപാടുകൾ, ശ്രേണീബന്ധങ്ങൾ എന്നിവയിൽനിന്നും മുക്തമായ ആദർശാത്മക സ്വത്വങ്ങളായി 'ഭാരതീയൻ' വിഭാവനം ചെയ്യപ്പെട്ടു.

'മാനവികത' എന്ന ആശയമാണ് തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിലൂടെ രംഗത്തെത്തുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തേയും നയിക്കുന്നത്. 'മനുഷ്യൻ' കേന്ദ്രസ്ഥാനത്തെത്തുന്നുവെന്നതും ആ മനുഷ്യൻ ഒരധഃസ്ഥിതമനുഷ്യനായിരുന്നുവെന്നതും കമ്മ്യൂണിസത്തിന്റെ മാനവികതാസങ്കല്പനത്തിനുണ്ടായിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തനത്തെക്കുറിച്ച് ഇ.എം.എസ്. വിശദമാക്കുന്നുണ്ട്. 1930-32 കാലത്തെ സിവിൽ നിയമലംഘനപ്രസ്ഥാനത്തിൽ പങ്കെടുത്ത് അതിൽനിന്ന് ഉളവായ ആവേശം ഉൾക്കൊണ്ടവരാണ് ഇന്ത്യയിൽ മറ്റിടങ്ങളിലേതുപോലെ ഇവിടെയും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ പതുക്കെപ്പതുക്കെ കമ്മ്യൂണിസത്തിലേക്ക് വളർന്നത് (2015: 232).

സഖാവ് കൃഷ്ണപിള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന നിലയിലേക്ക് ഈ ധാരയെ എത്തിക്കാൻ നടത്തിയ ശ്രമങ്ങൾ തുടർന്ന് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. കൃഷ്ണപിള്ളക്കാകട്ടെ തിരുവിതാംകൂറുമായി ബന്ധമുണ്ടായിരുന്നു. കോൺഗ്രസിന്റെ പേരിലല്ലാതെ അവിടെ രൂപംകൊണ്ടിരുന്ന പല ഇടതുപക്ഷപ്രസ്ഥാനങ്ങളും ചിന്താഗതികളും മനസ്സിലാക്കാനുള്ള സൗകര്യം അദ്ദേഹത്തിനുണ്ടായിരുന്നു. നാട്ടുരാജ്യപ്രജാസമ്മേളനം സംഘടിപ്പിച്ച അച്യുതമേനോൻ, ആ പ്രസ്ഥാനത്തിലും പത്രപ്രവർത്തനത്തിലും മറ്റും മുൻനിന്നിരുന്ന സി. കുട്ടൻനായരെപ്പോലെയുള്ളവർ ഇവരുടെയെല്ലാം ആചാര്യനായി കണക്കാക്കപ്പെട്ടിരുന്ന കേസരി ബാലകൃഷ്ണപിള്ള, യുക്തിവാദപ്രസ്ഥാനത്തിന്റെയും വിപ്ലവചിന്താഗതികളുടെയും പ്രചാരകനായിരുന്ന കുറ്റിപ്പുഴ, ഇടതുപക്ഷ ചിന്താഗതിക്ക് ഒരുതരത്തിൽ രൂപംനല്കിയിരുന്ന സഹോദരനയ്യപ്പൻ, താനൊരു കമ്മ്യൂണിസ്റ്റാണെന്ന് പ്രഖ്യാപിച്ചുകൊണ്ടിരുന്ന കേശവദേവ്, തിരുവനന്തപുരത്ത് കമ്മ്യൂണിസ്റ്റ് ലീഗ് എന്ന പേരിൽ പ്രവർത്തിച്ചിരുന്നവർ ഇവരെല്ലാമായി ബന്ധപ്പെടാനും അവരിൽ പലരുടേയും സൗഹൃദം നേടാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു (2015: 234).

ഇത്തരത്തിൽ ഒരഖിലകേരള ഇടതുപക്ഷ ബഹുജനപ്രസ്ഥാനത്തിന്റെ പണിപ്പുരയാണ് ആ കാലത്തെ കോൺഗ്രസ് സോഷ്യലിസ്റ്റ്

പാർട്ടി. പിന്നീട് രണ്ടുവഴിക്കു പിരിഞ്ഞ രണ്ടു പ്രസ്ഥാനങ്ങളുടെ നില പാടുകളെ സംബന്ധിച്ച വ്യത്യസ്തതകൾ, ആശയസംഘർഷങ്ങൾ ഇവയാണ് കയർ പ്രധാനമായെടുത്തു ചർച്ചചെയ്യുന്ന ഒരുമേഖല. 'കയറി'ൽ രണ്ടാംഭാഗത്തും മൂന്നാംഭാഗത്തും പ്രധാനമായി കടന്നുവരുന്ന കഥാപാത്രങ്ങളായ വെടിപ്പുരയ്ക്കൽ കുഞ്ഞൻനായർ, വിശ്വനാഥൻ, സുരേന്ദ്രൻ, മണികണ്ഠൻ എന്നി കഥാപാത്രങ്ങളിലൂടെ ഈ രാഷ്ട്രീയ സംവാദങ്ങൾ വ്യത്യസ്ത രീതിയിൽ രൂപപ്പെടുത്തിയ യുവാക്കളുടെ പ്രതി നിധാനങ്ങളാണ്. ഗാന്ധിസം ഒരു മതമായി കണ്ട് ആചാരനിഷ്ഠയായി അതിന്റെ പ്രവർത്തനങ്ങൾ കൊണ്ടുനടക്കുന്ന കുഞ്ഞൻനായർ; അയാൾ ബ്രഹ്മചര്യം ദീക്ഷിക്കുന്നു,സ്ത്രീകളെ നോക്കാൻ ഭയപ്പെടുന്നു. ഒരു സ്ത്രീയെ ഗർഭിണിയാക്കിയതിന്റെ അപവാദം ഭയന്ന് ആത്മഹത്യ ചെയ്യുന്നു.

വിശ്വനാഥൻ യൂത്തുലീഗിന്റെ മുന്നണിപ്പോരാളിയായി പ്രവർത്തിച്ച് പല പ്രതിസന്ധികളേയും മറികടന്ന് മന്ത്രിയാകുന്നു. സുരേന്ദ്രൻ കമ്മ്യൂ ണിസ്റ്റ് പാർട്ടിയുടെ വക്താവാണ്. രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടനെ അനുകൂലിച്ച പാർട്ടിനിലപാട് ദഹിക്കാതെ വിഷമസ്ഥിതി യിലാവുന്നയാളാണയാൾ. എന്നാൽ പിന്നീട് അയാൾ പ്രായോഗിക വാദിയാകുന്നു. അയാൾ നാടിനുവേണ്ടി പ്രവർത്തിക്കുന്നു. വർഗ്ഗശത്രുക്ക ളായ മുതലാളികൾക്കൊപ്പവും തൊഴിലാളികൾക്കൊപ്പവും ഒരേസമയം കൈകോർക്കുന്ന പ്രായോഗിക രാഷ്ട്രീയവാദിയാകുന്നു.

മണികണ്ഠൻ വിപ്ലവാവേശത്തിൽ കവിതയെഴുതുകയും മീറ്റിംഗിൽ പങ്കെടുക്കുകയുമൊക്കെ ചെയ്യുമ്പോഴും പ്രത്യക്ഷവിപ്ലവത്തിന്റെ ഭാഗമാകാൻ ധൈര്യമില്ലാത്തയാളാണ്. അച്ഛൻ കുഞ്ചുനായർ എഴുതിയ ഒരു കത്തോടെ അയാൾ വലിയ പ്രതിസന്ധിയിലാകുന്നു. അച്ഛനും അമ്മയും ഒരുമിച്ചു നഷ്ടപ്പെട്ടതോടെ അച്ഛൻ പറഞ്ഞ വഴിയോ വിപ്ലവ ത്തിന്റെ വഴിയോ എന്ന സംഘർഷത്തിൽ പെട്ടുപോകുന്നു മണികണ്ഠൻ. എന്നാൽ, അത്യധികമായ സ്വാതന്ത്ര്യവാഞ്ഛയും രാഷ്ട്രീയമായ ആശയ സംഘർഷങ്ങളും മനസ്സിൽ കൊണ്ടുനടക്കുന്ന ഒരു യോഗിസമാനനായി അയാൾ മാറുന്നു.

പ്രത്യക്ഷ രാഷ്ട്രീയാദർശങ്ങൾ കൊണ്ടുനടക്കുന്ന, കൈകാര്യം ചെയ്യുന്ന, മദ്ധ്യവർഗ്ഗവ്യക്തിത്വങ്ങളാണീ കഥാപാത്രങ്ങൾ. പി. കൃഷ്ണപിള്ളയുടെ രാഷ്ട്രീയപഠനക്ലാസുകൾ രൂപപ്പെടുത്തിയ പാർട്ടി ക്കാരനാണ് സുരേന്ദ്രൻ. പുതിയ ലോകക്രമത്തിനു വേണ്ടിയുള്ള സമര ത്തിന് നേതൃത്വം കൊടുത്ത സുരേന്ദ്രൻതന്നെ മുതലാളിമാരോടൊപ്പം ചേരുന്നതും വിശ്വനാഥൻ തനി രാഷ്ട്രീയക്കാരനാവുന്നതും കയർ തുടർന്ന്

അവതരിപ്പിക്കുന്നു. ഇത് ചോദ്യംചെയ്യപ്പെടുന്നതും വിമർശിക്കുന്നതും ഈ വിപ്ലവാശയങ്ങളെയല്ല മറിച്ച് നിലവിൽ വന്ന പുതിയ ക്രമത്തെ യാണ്. 'ആധുനികീകരിക്കപ്പെട്ട വ്യക്തി' എന്നത് ആദർശാത്മക വ്യക്തിയല്ല എന്ന് നോവൽ ഉറപ്പിക്കുന്നു. ഇതാണ് സാമൂഹികസംഘ ടനകളുടെ ഇടപെടലുകളെക്കുറിച്ച് കയർ നിർമ്മിക്കുന്ന പാഠം.

ബി. രാജീവൻ ഇങ്ങനെ നിരീക്ഷിക്കുന്നു: 'ഉപരിവർഗ്ഗം കൈവെടിയു കയും തൊഴിലാളിവർഗ്ഗം ഏറ്റെടുത്തതുകൊണ്ടുതന്നെ കേവലരൂപപരത തകരുകയും ചെയ്ത ലിബറൽ ജനാധിപത്യസങ്കല്പം രണ്ടു വർഗ്ഗങ്ങളിൽ നിന്നും ഒരേപോലെ അകന്നുനില്ക്കാൻ ശ്രമിച്ച ഇടത്തരക്കാരുടെ ഒരു വിഭാഗത്തിന് പ്രത്യയശാസ്ത്രപരമായ അഭയസങ്കേതമായിത്തീർന്നു. പഴയ ജീവിതമൂല്യങ്ങളെ പാടേ മാറ്റിമറിക്കത്തക്കവണ്ണം ജനാധിപ ത്യസങ്കല്പങ്ങളെ വിപ്ലവകരമായ സമൂഹത്തിന്റെ അടിത്തട്ടിലേക്ക് കൊണ്ടുപോകുന്ന തൊഴിലാളിവർഗ്ഗത്തിൽനിന്നും പഴമയെ ജനാധി പത്യവിരുദ്ധമായ താല്പര്യങ്ങൾക്കുവേണ്ടി പുതുക്കിയെടുക്കുന്ന ഉപരി വർഗത്തിൽനിന്നും ഇവർ ഒരുപോലെ അകന്നുനിന്നു. ജനാധിപത്യ ത്തിന്റെ ശത്രുക്കളെയും ജനാധിപത്യം യഥാർഥത്തിൽ നടപ്പാക്കുന്ന വരെയും ഇവർ ഒരേസമയം ജനാധിപത്യത്തിന്റെ പേരിൽ ഭയപ്പെട്ടു എന്നർഥം. ഒരേസമയം മാറ്റത്തിനുവേണ്ടി ആഗ്രഹിക്കുകയും മാറ്റത്തെ ഭയപ്പെടുകയും ചെയ്ത ഇവരുടെ ആന്തരിക ദ്വന്ദ്വത്തിന്റെ പ്രത്യയശാ സ്ത്രമാകാൻ, അപരിഹാര്യമായ ആന്തരിക വൈപരീത്യങ്ങൾ നിറഞ്ഞ ലിബറൽ ജനാധിപത്യത്തിന് വളരെവേഗം കഴിഞ്ഞു. പ്രതിസന്ധിയുടെ ഈ പ്രത്യയശാസ്ത്രമാണ് തകഴിയുടെ 'കയറി'നെ ഒരു കലാസൃഷ്ടിയാക്കി മാറ്റുന്ന വ്യവഹാരമണ്ഡലം' (2011: 61).

വ്യത്യസ്തങ്ങളായ ആശയപ്രചാരങ്ങൾ വഴി ഒരുദേശം ആധുനി കീകരിക്കപ്പെടുന്നു. ദേശത്തിന്റെ ആധുനികീകരണം എന്ന് ചരിത്രം ഒറ്റവാചകത്തിൽ അവതരിപ്പിക്കുന്ന പ്രക്രിയയുടെ പ്രവർത്തനരീതി മറ്റൊന്നാണ്. ദേശം രൂപപ്പെടുന്നതും ആധുനികീകരണം നടക്കുന്നതും വ്യക്തികളിലൂടെയാണ്. അത് ഏകമുഖമായ ഒരു പ്രക്രിയയല്ല ഓരോ വ്യക്തിയും ഓരോ മട്ടിൽ രൂപപ്പെടുന്നു. ചില സാമാന്യതകൾ കണ്ടെ ടുക്കുവാനാണ് ചരിത്രത്തിന് കഴിയുക. അതിനെ വൈവിധ്യവൽക്കരി ക്കലാണ് സാഹിത്യത്തിന്റെ സാധ്യത. കയർ അവതരിപ്പിക്കുന്ന ഈ മദ്ധ്യവർഗ്ഗ ആധുനികവ്യക്തിസ്വത്വങ്ങൾ (തീർച്ചയായും സാമാന്യവൽ ക്കരിക്കപ്പെട്ട) ഒരു വിഭാഗത്തിന്റെ പ്രതിനിധാനങ്ങളാണ്.

സാമൂഹിക സ്ഥാപനങ്ങൾ

സ്വാതന്ത്ര്യത്തിലേക്കു കടക്കുന്ന ഘട്ടത്തിലെ സാമൂഹികാവസ്ഥ–ആധുനികമായ സ്ഥാപനങ്ങൾ, കൊളോണിയൽ മൂല്യബോധങ്ങൾ, വിപ്ലവാശയങ്ങൾ എന്നിവ ചേർന്ന് നിർമ്മിച്ചതാണ്. ഈ ഘട്ടത്തിൽ പ്രധാനമായി പരിഗണിക്കേണ്ട ചില സ്ഥാപനങ്ങൾ ഉണ്ട്. അവ ആധുനികീകരണസ്വത്വങ്ങളുടെ രൂപീകരണത്തിൽ പ്രധാനമാണ്.

വിദ്യാഭ്യാസസമ്പ്രദായം
അച്ചടി-വായന
കുടുംബം-മക്കത്തായ വ്യവസ്ഥ
കോടതി-നിയമം
സർക്കാർ സ്ഥാപനങ്ങൾ-ഉദ്യോഗസ്ഥപദവി
വ്യവസായശാലകൾ-തൊഴിലാളി
ക്ഷേത്രം-പള്ളികൾ
കുടിയേറ്റം

ഇങ്ങനെയുള്ള ആധുനിക സ്ഥാപനങ്ങൾ വലിയ മാറ്റങ്ങൾ സമൂഹത്തിൽ വരുത്തി. ആധുനിക വിദ്യാഭ്യാസസ്ഥാപനങ്ങൾ–സ്കൂളുകൾ, കോളേജുകൾ–രണ്ടു തരത്തിലാണ് ഇവിടെ പ്രവർത്തിച്ചത്. ഒന്ന് അത് പരമ്പരാഗത അറിവുരൂപങ്ങൾക്കു പകരം, ആധുനിക അറിവുപദ്ധതികൾ വിതരണം ചെയ്തു. രണ്ട്-ആശയപരമായ പ്രചാരണങ്ങളുടെ ഇടങ്ങളായും രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ വേദിയായും പ്രവർത്തിച്ചു. ഇത്തരത്തിൽ രൂപംകൊണ്ട തലമുറ പ്രായോഗികവാദികളായും രാഷ്ട്രീയവാദികളുമായി മാറുന്നതിന്റെ ദൃശ്യങ്ങൾ കയർ അവതരിപ്പിക്കുന്നുണ്ട്.

അച്ചടിയിലൂടെ വായനയ്ക്കുണ്ടായ പ്രചാരം മറ്റൊരു പ്രധാന മേഖലയാണ്. വായിച്ചതുകൊണ്ടാണ് കേശവപിള്ള ഒരു കുടുംബം സ്വപ്നം കാണുന്നത്. വ്യക്തിയുടെ സ്വകാര്യലോകങ്ങൾ രൂപപ്പെടുന്നതും ചിന്തിക്കുന്ന തലമുറയെ രൂപപ്പെടുത്തുന്നതിലും വായനയെ പ്രധാനമായി കയർ അവതരിപ്പിക്കുന്നു. ആളോഹരിസമ്പ്രദായമാണ് കുടുംബം എന്ന സ്ഥാപനത്തിലേക്ക് നയിക്കുന്നത്. കുടുംബം നായർ സമുദായത്തിലെ സ്ത്രീപുരുഷ ബന്ധത്തെ അടിമുടി പൊളിച്ചടുക്കുന്നു. ബഹുഭർത്തൃത്വത്തിലും ബഹുഭാര്യാത്വത്തിലും ഊന്നിയ സംബന്ധവ്യവസ്ഥയ്ക്കെതിരെ നായർസമുദായത്തിൽ നിന്നുതന്നെ എതിർപ്പുകൾ ഉയരുന്നു (ഇളംകുളം കുഞ്ഞൻപിള്ള, 1959: 97). പക്ഷേ ഇങ്ങനെ രൂപംകൊണ്ട കുടുംബത്തെ അങ്ങേയറ്റം ആദർശാത്മകമായ ഒന്നായി കയറിന്റെ ആഖ്യാനം ഉയർത്തിക്കൊണ്ടുവരുന്നു.

കോടതി, നിയമം, സർക്കാർസ്ഥാപനങ്ങൾ എന്നിവയാണ് സാമൂഹികസംഘടനകളേക്കാൾ അധഃസ്ഥിതരായ പുലയന്റേയും പറയന്റേയും ഈഴവരുടേയുമൊക്കെ ജാതിസ്വത്വത്തെ ആധുനികീകരിച്ചത്. നിയമത്തിനു മുമ്പിൽ ഏവരും സമൻമാരാണ്. അതുകൊണ്ടുതന്നെ സ്ഥിതിസമത്വത്തിന്റെ പര്യായമായി കോടതിവ്യവസ്ഥ മാറുന്നു. പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസം ആർജ്ജിച്ച അധഃസ്ഥിതർ ഉദ്യോഗസ്ഥരാവുന്നതോടെ സാമൂഹികശ്രേണീകരണത്തിൽ ജാതിശ്രേണിയേക്കാൾ മുൻപിലെത്തുന്നു. ഉദ്യോഗസ്ഥവ്യവസ്ഥയാണ് ജാതിയുടെ പ്രത്യക്ഷമായ മേൽകീഴ്ക്രമത്തെ തകർത്തെറിഞ്ഞ ഒരു സാമൂഹിക സംവിധാനം. വ്യവസായശാലകളാവട്ടെ തൊഴിലാളികൾ എന്നനിലയിൽ ഒരു സ്വതന്ത്രകർത്തൃത്വം തൊഴിലാളികൾക്ക് അനുവദിക്കുന്നു. എന്നാൽ അവർ ചൂഷിതവർഗ്ഗം എന്ന നിലയിലേക്ക് സാമൂഹികമായി താഴ്ത്തപ്പെടുക തന്നെയാണ് ചെയ്തത്.

### ദേശരാഷ്ട്രരൂപീകരണം

ദേശരാഷ്ട്രരൂപീകരണം എന്നത് ആധുനിക സ്വത്വനിർമ്മിതിയുമായി ചേർത്തുവായിക്കേണ്ട വിഷയമാണ്. പൗരത്വം നിർമ്മിക്കപ്പെടുന്നത് ദേശരാഷ്ട്രത്തിലാണ്. ജാതി-മത-ഭേദമെന്യേയുള്ള പൗരത്വം, ദേശീയത മുതലായ സങ്കല്പനങ്ങളും ഏറെ വിമർശിക്കപ്പെട്ടിട്ടുണ്ട്. (ആൻഡേഴ്സൺ രാഷ്ട്രത്തെ ഇങ്ങനെ നിർവ്വചിക്കുന്നു: 'രാഷ്ട്രം ഒരു കല്പിത രാഷ്ട്രീയ സമൂഹമാണ്. അത് ജന്മനാ പരിമിതവും പരമാധികാരമുള്ളതുമായ കല്പനയാണ്"). 'കോളണീകരണം സാധ്യമാകുന്നത് അത് മാനസികമായ പ്രക്രിയയായതുകൊണ്ടാണ്. അധികാരം വിട്ടൊഴിഞ്ഞുപോയാലും മാനസികമായ കോളണീകരണം തുടർന്നുകൊണ്ടിരിക്കും. കൊളോണിയൽ ഭാവനയിലാണ് സ്വതന്ത്രമായ രാഷ്ട്രം നിർമ്മിക്കപ്പെട്ടിട്ടുള്ളത്. നാട്ടിൽ പുതിയ ഭരണവർഗ്ഗം ഉണ്ടാകുന്നു. മുതലാളിത്ത ഉല്പാദനക്രമം, വിദ്യാഭ്യാസമാതൃക, രാഷ്ട്രനിർമ്മാണയുക്തി, ഭരണമാതൃക എന്നിങ്ങനെ എല്ലാത്തരം കൊളോണിയൽ സങ്കേതങ്ങളും നിലനില്ക്കുകയും ചെയ്യുന്നു' (മഹേഷ് എം.ആർ., 2012: 38).

കേരളത്തെ സംബന്ധിച്ചാവട്ടെ ഈ കൊളോണിയൽ സങ്കേതങ്ങൾ ഫ്യൂഡൽക്രമത്തിൽ പ്രതിപ്രവർത്തിച്ചുണ്ടായ പ്രത്യേക പാകത്തിലുള്ള കേരളീയതയായി ദേശീയത പരിവർത്തിക്കപ്പെട്ടു. പലമട്ടിലുള്ള മുഖാവരണങ്ങൾ എടുത്തണിഞ്ഞ ആധുനിക മലയാളിയാണ് അതിന്റെ ഉപോല്പന്നം. പ്രത്യക്ഷത്തിൽ മതേതര-ജനാധിപത്യ-സോഷ്യലിസ്റ്റ്

പ്രചാരകരായിരിക്കുകയും കൊളോണിയൽ ഫ്യൂഡൽ ലോകബോധത്തിന്റെ ഉല്പന്നങ്ങളായിരിക്കുകയും ചെയ്യുന്ന വൈരുദ്ധ്യമാണ് ഇന്നും തുടരുന്ന വർഗ്ഗസംഘർഷത്തിന്റെ ആന്തരികയുക്തി.

പുതുരാഷ്ട്രനിർമ്മിതിയുടെ സന്ദർഭത്തിൽ സാധാരണക്കാരായ ജനങ്ങൾ അതിനോടെങ്ങനെ സംവദിക്കുന്നു എന്നതിനെ സംബന്ധിച്ച് വ്യത്യസ്തമായ ഒരു പാഠം നോവൽ ഉല്പാദിപ്പിക്കുന്നുണ്ട്. രാഷ്ട്രനിർമ്മാണം എന്നത് കേവല സങ്കല്പം മാത്രമാണെന്നും മനുഷ്യജീവിതത്തിന്റെ നിലനില്പാണ് അടിസ്ഥാനപ്രശ്നമെന്നും കയർ ഓർമ്മപ്പെടുത്തുന്നു. വ്യത്യസ്ത ആശയലോകങ്ങളിൽ വ്യാപരിക്കുന്ന ഈ ആധുനിക കർത്തൃത്വങ്ങൾ ഏകീകരിക്കപ്പെടുന്നത് ദേശരാഷ്ട്രനിർമ്മിതിയിലെ പങ്കാളികൾ എന്ന നിലയിലാണ്. പല വഴിയിലൂടെ അവർ നേടിയെടുക്കാൻ ശ്രമിച്ചതും രൂപീകരിക്കപ്പെട്ടതും ഏകമുഖമായ ഒരു രാഷ്ട്രസങ്കല്പമല്ല. ചിതറിയ ഒരു പുതിയ ലോകക്രമത്തെയാണ്.

ദേശരാഷ്ട്രരൂപീകരണത്തിന്റെ ആദർശവൽക്കരണങ്ങളെ കയർ തകർത്തെറിയുന്ന ഒരു സന്ദർഭം നോക്കുക: സ്വാതന്ത്ര്യപ്പുലരിയെ കയർ ഇങ്ങനെയാണവതരിപ്പിക്കുന്നത്:

'അതൊരു തെളിഞ്ഞ പ്രഭാതമായിരുന്നു. പതിവുപോലെ പെരുമീനുദിച്ചു. നേരംവെളുത്തു. സൂര്യന്റെ പ്രത്യേകത ഒന്നുമില്ല. പ്രത്യേക പ്രകാശമോ തെളിച്ചമോ ഇല്ല. അത് എന്നത്തേയും പോലുള്ള ഒരുദയമായിരുന്നു. ചില വീടുകളിലെല്ലാം ദേശീയപതാക ഉയർന്നിട്ടുണ്ട്. ഇളംകാറ്റിൽ അവ ആടുന്നുണ്ട്... വീട്ടമ്മമാർ മുറ്റമടിക്കുന്നു. അടുക്കളയുടെ വടക്കുവശത്ത് പാത്രം കഴുകുന്നു.

ചോതരുപുലയൻ എഴുന്നേറ്റിരുന്ന് ഒരു നീണ്ട കോട്ടുവാ വിട്ടു. മുൻവശത്തു പാടമാണ്. കിഴക്കോട്ട് പാടത്തേക്കു നോക്കി കുറെനേരം ഇരുന്നു. വെറ്റവട്ടിയെടുത്ത് തുറന്നുനോക്കി. ഒരു കീറിൽ പകുതി വെറ്റയുണ്ട്. ചികഞ്ഞു നോക്കിയിട്ട് ഒരുതരി പാക്കില്ല' (2012: 808).

ഇന്ത്യ എന്ന മഹാരാഷ്ട്രം നിലവിൽ വരുകയാണ്. സാധാരണക്കാരനായ ഒരു മനുഷ്യന്റെ മൂലധനം ഒരു കീറ് വെറ്റിലയാണ്. എന്നാൽ അവൻ സ്വതന്ത്രനായ ഭാരതീയനാണ്. തുടർന്ന് സ്വാതന്ത്ര്യദിനത്തിൽ കട തുറക്കാത്തതുകൊണ്ട് പായ വില്ക്കാനും അരി വാങ്ങാനും കഴിയാതെ വിഷമിക്കുന്ന പാപ്പ പറയുന്നു:

'അതു കുന്തമായി' (2012: 809).

ഇത്തരത്തിൽ രാഷ്ട്രനിർമ്മിതിയുടെ സന്ദർഭത്തിൽ 'വിശപ്പ്' എന്ന വലിയ പ്രശ്നത്തെ ഉയർത്തുകവഴി വലിയൊരു വിമർശനമാണ് ഈ ആഖ്യാനം രൂപപ്പെടുത്തുന്നത്. കെ.എൻ. പണിക്കർ ഇങ്ങനെ നിരീക്ഷിക്കുന്നു: 'ദേശീയ വിമോചനസമരക്കാലത്തുതന്നെ വ്യക്തമായിത്തുടങ്ങിയതും ഭരണഘടനാസമിതിയിൽ ഇഴചികഞ്ഞുള്ള ചർച്ചകൾക്ക് വിധേയമായതും, മാനവികാടിത്തറയുള്ള ബദൽ ദേശീയതയായിരുന്നു. അതിൽ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും സാമ്പത്തികനീതിക്കും സാമൂഹികൈക്യത്തിനും സ്ഥാനം കല്പിച്ചിരുന്നു. മതത്തെയും സംസ്കാരത്തെയും വ്യാമിശ്രമാക്കുന്ന വർഗ്ഗീയ രാഷ്ട്രീയത്തിന്റെ പുനരുത്ഥാനത്തോടെ ഇന്നു ബലിക്കല്ലിൽ കിടക്കുന്നത്, സദ്ഗുണങ്ങളുള്ള ദേശീയാവബോധമാണ്' (2010: 48).

ഈ ബദൽദേശീയത എന്നത് ആദർശാത്മകമായ ഒരു ദേശീയതാസങ്കല്പം മാത്രമാണെന്ന് ഇന്ന് നിസ്സംശയം പറയാം. ഭാരതം ഹൈന്ദവ രാഷ്ട്രമാണെന്ന രീതിയിൽ ദേശീയവാദ നിലപാട് ശക്തിപ്രാപിക്കുന്ന ഈ ഘട്ടത്തിൽ പുതിയൊരു നവോത്ഥാനം എന്നൊന്നിന്റെ രൂപരേഖ തയ്യാറാക്കേണ്ട കാലവും അതിക്രമിച്ചിരിക്കുന്നു.

## ഉപസംഹാരം

കേരളത്തിന്റെ ആധുനികീകരണ പ്രക്രിയ എന്നാൽ ഉപരിപ്ലവമായി മനസ്സിലാക്കപ്പെടേണ്ട ഒന്നല്ല. വ്യക്തികളാണ് സമൂഹത്തെ സാധ്യമാക്കുന്നത്. സാമൂഹിക നവോത്ഥാനം എന്നത് അതുകൊണ്ടുതന്നെ ഏകമുഖവുമല്ല. ആധുനിക വ്യക്തിസ്വത്വങ്ങൾ അതിന്റെ വൈവിദ്ധ്യത്തിൽ മനസ്സിലാക്കുമ്പോഴാണ് നവോത്ഥാനം, ആധുനികീകരണം, രാഷ്ട്രനിർമ്മാണം മുതലായ ആദർശാത്മക സംജ്ഞകളേയും വിമർശനാത്മകമായി പരിചരിക്കാനാവുക. സ്വാതന്ത്ര്യാനന്തര കാലഘട്ടംവരെ പ്രമേയമാകുന്ന നോവൽ എന്ന നിലയിൽ ആധുനിക വ്യക്തിസ്വത്വങ്ങളുടെ വൈവിധ്യത്തെ അവതരിപ്പിക്കുകവഴി കയർ ഈ ദൗത്യം എപ്രകാരം നിറവേറ്റിയിരിക്കുന്നു എന്ന അന്വേഷണമാണ് ഇവിടെ നടത്തിയത്.

## ഗ്രന്ഥസൂചി

1. ആസാദ്, 2000, തൊഴിലാളിവർഗ്ഗസമരങ്ങളും മലയാളസാഹിത്യവും, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം Vol. II (എഡി: എം.എൻ. വിജയൻ), കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
2. ഇ.എം.എസ്., 2009, നവോത്ഥാനവും പുനരുജ്ജീവനവും, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
3. ..........................., 2015, ആത്മകഥ, ചിന്ത, തിരുവനന്തപുരം.

4. കാർത്തികേയൻനായർ, വി., 2014, നവോത്ഥാനമൂല്യങ്ങളും കേരളസമൂഹവും, S.P.C.S., കോട്ടയം.
5. കുഞ്ഞൻപിള്ള, ഇളംകുളം, 1959, ജന്മിസമ്പ്രദായം കേരളത്തിൽ, S.P.C.S., കോട്ടയം.
6. കുറുപ്പ്, കെ.കെ.എൻ., 2014, ദേശീയതയും സാമൂഹ്യപരിഷ്കരണവും മലയാള സാഹിത്യത്തിൽ, S.P.C.S., കോട്ടയം.
7. ഖാൻ, എം.എം., 2017, 'സമുദായരൂപീകരണവും ദേശീയതയുടെ ഇടപെടലുകളും: ടി.കെ. മാധവനെ അടയാളപ്പെടുത്തുമ്പോൾ', കേരള നവോത്ഥാനം പുതുവായ നകൾ (എഡിറ്റേഴ്സ്: ഡോ. അജയ് ശേഖർ, ഡോ. സി.ആർ. ചന്ദ്രമോഹനൻ), റെയ്വൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
8. ഗോവിന്ദപ്പിള്ള, പി., 2007, കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം, ഒന്നാം സഞ്ചിക, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
9. ചുമ്മാർ, കെ.എം., 2013, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
10. പണിക്കർ, കെ.എൻ., 2010, സംസ്കാരവും ദേശീയതയും (വിവ: പി.എസ്. മനോജ്കുമാർ, പി.എൻ. ഗോപീകൃഷ്ണൻ), കറന്റ് ബുക്സ്, തൃശ്ശൂർ.
11. പവിത്രൻ, പി., 2002, 'ഫ്യൂഡലിസത്തിന്റെ തകർച്ചയും അവശിഷ്ടങ്ങളും', നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം Vol. II (എഡി: എം.എൻ. വിജയൻ), കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
12. ബാലറാം, എം.വി., 2000, സ്വത്വത്തിന്റെയും സംസ്കാരത്തിന്റെയും രൂപീകരണം, സ്വാതന്ത്ര്യപൂർവ്വ കേരളത്തിൽ, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം Vol. II (എഡി: എം.എൻ. വിജയൻ), കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
13. മഹേഷ്, എം.ആർ., 2012, മലയാളനോവലും ദേശീയതയും, കേരളസർവ്വകലാ ശാല, തിരുവനന്തപുരം.
14. രാജശേഖരൻ, പി.കെ., 2008, അന്ധനായ ദൈവം, ഡി.സി. ബുക്സ്, കോട്ടയം.
15. രാജീവൻ, ബി., 2011, വാക്കുകളും വസ്തുക്കളും, ഡി.സി. ബുക്സ്, കോട്ടയം.
16. വേലായുധൻപിള്ള, പി.വി. (എഡി:), 1998, നവോത്ഥാന സംസ്കാരം കേരള ത്തിൽ, കേരളസർവ്വകലാശാല, തിരുവനന്തപുരം.
17. ശിവശങ്കരപ്പിള്ള, തകഴി, 2007, ആത്മകഥ, ഗ്രീൻ ബുക്സ്, തൃശ്ശൂർ.
18. ........................., 2011, കയർ, ഡി.സി. ബുക്സ്, കോട്ടയം.
19. ശ്രീധരമേനോൻ, എ., 2015, കേരളരാഷ്ട്രീയചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
20. യാക്കോബ് തോമസ്, 2012, തകഴി കാലഭൂപടങ്ങൾ (എഡി: ഷാജി ജേക്കബ്), കൈരളി ബുക്സ്, കണ്ണൂർ.
21. സ്കറിയാ സക്കറിയ, 2010, തകഴി കാലഭൂപടങ്ങൾ (എഡി: ഷാജി ജേക്കബ്), കൈരളി ബുക്സ്, കണ്ണൂർ.
22. സജിത, കെ.ആർ., 2012, നിരാസത്തിന്റെ അഭാവം, തകഴി കാലഭൂപടങ്ങൾ (എഡി: ഷാജി ജേക്കബ്), കൈരളി ബുക്സ്, കണ്ണൂർ.
23. സുനിൽ, പി. ഇളയിടം, 2012, 'വി.ടി. ഭട്ടതിരിപ്പാട്: നവോത്ഥാനത്തിന്റെ വിധ്വംസകവീര്യം', കേരള നവോത്ഥാനം പുതുവായനകൾ (എഡിറ്റേഴ്സ്: ഡോ. അജയ് ശേഖർ, ഡോ. സി.ആർ. ചന്ദ്രമോഹനൻ), റെയ്വൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.